# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 336** — **27/02/2017-ൽ മറുപടിക്ക്**

### ഗുണനിലവാരം ഇല്ലാത്ത മരുന്നുകളുടെ വ്യാപനം തടയുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) സംസ്ഥാനത്ത് എത്തുന്ന അലോപ്പതി മരുന്നുകളിൽ ഭൂരിഭാഗവും ഗുണമേന്മ ഇല്ലാത്തവയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

എ) ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുല്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽ തന്നെ ഉറപ്പാക്കിയതിനുശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കു വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധവ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/ സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധന ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണം മരുന്നുകളുടെ രാസഭൗതികാവസ്ഥകളുടെ വ്യതിയാനം മൂലം നിശ്ചിത

➡

ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബി) ഇത്തരം മരുന്നുകൾ പോണ്ടിച്ചേരി, ബംഗളൂരു തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ചൈനീസ് നിർമ്മിത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

സി) ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നവർക്കുണ്ടാകാൻ സാധ്യതയുള്ള പ്രയാസങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

ബി) യും സി) യും ഇന്ത്യയിൽ മരുന്നുകളുടെ അസംസ്കൃത വസ്തുക്കൾ (ആക്ടീവ് ഫാർമസ്യൂട്ടിക്കൽ ഇൻഗ്രീഡിയന്റ്സ്) നിർമ്മാണം വളരെ കുറവാണ്. സങ്കീർണ്ണമായ ഇറക്കുമതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമപ്രകാരം ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)യുടെ അനുമതിയിൽ മാത്രമേ ചൈന ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ നിന്നും ഇത്തരം അസംസ്കൃത വസ്തുക്കൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാൻ സാധിക്കുകയുള്ളൂ.

പോണ്ടിച്ചേരി, ബാംഗളൂരു എന്നിവിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ മരുന്ന് നിർമ്മിക്കുന്നതായുള്ള വാർത്തകളെ തുടർന്ന് ആയത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട് ഡ്രഗ്സ് കൺട്രോളറോട് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) എങ്കിൽ ഇത്തരം മരുന്നുകളുടെ വ്യാപനം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡി) നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിതരണ ശൃംഖല കണ്ടെത്തി അവ വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ